# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5369
## 01.07.2014 - ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ വികസനത്തിനായി പാക്കേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വരുമാന വർദ്ധനയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഓരോ വകുപ്പിലും പ്രത്യേകം പ്രത്യേകം നടപ്പിലാക്കി വരുന്ന നടപടികൾ സംബന്ധിച്ച് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ വരുമാന വർദ്ധനയ്ക്കായി 2014-15 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ കൂടാതെ നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകളിലെ സർവ്വീസ് ചാർജ്ജുകൾ, വിവിധ ഫീസുകൾ തുടങ്ങിയവയുടെ നിരക്കുകൾ കാലോചിതമായി പുതുക്കുന്നതിന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുകയും അതിൻ പ്രകാരം സാംസ്കാരികം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, മത്സ്യബന്ധന – തുറമുഖം, കൃഷി, വനം - വന്യജീവി, ഊർജ്ജം, ജലവിഭവം, റവന്യൂ, പൊതുവിദ്യാഭ്യാസം, ധനകാര്യം, പൊതുഭരണം (കോ-ഓർഡിനേഷൻ), ആഭ്യന്തരം, പൊതുമരാമത്ത്, തൊഴിലും-പുനരധിവാസവും, സഹകരണം, ഉന്നത വിദ്യാഭ്യാസം, ഭക്ഷ്യ – പൊതുവിതരണം എന്നീ വകുപ്പുകളിലെ വിവിധ നികുതിയേതര വരുമാന ഇനങ്ങളുടെ നിരക്ക് പുതുക്കി ഉത്തരവായിട്ടുണ്ട്. 28.04.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ |

| | |
|---|---|
| | ചെയർമാൻ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരുമായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. വരുമാന വർദ്ധനയ്ക്കായി 2014-15 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ കൂടാതെ പ്രധാന വകുപ്പുകളിൽ നടപ്പിലാക്കി വരുന്ന നടപടികൾ താഴെ പറയുന്നു.<br><br><u>രജിസ്ട്രേഷൻ വകുപ്പ്:</u><br>1. 1986 മുതൽ 31.03.2012 വരെ നിലവിലുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ കോമ്പൗണ്ടിംഗ് പദ്ധതിയിലൂടെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ കാലോചിതമായി വർദ്ധിപ്പിച്ചു.<br>3. റിയൽ എസ്റ്റേറ്റ് മേഖലയിലുള്ള വെട്ടിപ്പ് തടയുന്നതിനായി വാങ്ങിയ ഭൂമി 3 മാസത്തിനകം വീണ്ടും കൈമാറ്റം ചെയ്യുന്ന സാഹചര്യങ്ങളിൽ ആദ്യ പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കിയ മുദ്രവിലയുടെ ഇരട്ടിയും 6 മാസത്തിനകം വീണ്ടും കൈമാറ്റം ചെയ്യുന്ന സാഹചര്യങ്ങളിൽ ആദ്യ പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കിയ മുദ്ര വിലയുടെ ഒന്നര ഇരട്ടിയും സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതിനായി കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയുണ്ടായി.<br>4. സ്പെഷ്യൽ മാര്യജ് റൂൾസിന്റെ കീഴിൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് കാലോചിതമായി വർദ്ധിപ്പിച്ചു.<br><u>മോട്ടോർ വാഹന വകുപ്പ്:</u><br>1. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കിയിട്ടുണ്ട്.<br>2. കുടിശ്ശിക പിരിവ് നിരീക്ഷിക്കുന്നതിനായി എല്ലാ ഓഫീസുകളിലും സ്പെഷ്യൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.<br><u>എക്സൈസ് വകുപ്പ്:</u><br>1. വിവിധ ലൈസൻസ് ഫീസുകൾ |

<table>
<tr><td></td><td>വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന അനധികൃത മദ്യത്തിന്റെ വിപണനം തടയുക വഴി നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ട്.<br><u>വാണിജ്യ നികുതി വകുപ്പ്</u><br>1. നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് ചെക്ക്പോസ്റ്റ് പരിശോധന, ചരക്ക് വാഹന പരിശോധന, മുൻകൂർ നികുതി ഏർപ്പെടുത്തൽ, റിട്ടേണിന്റെ നിജസ്ഥിതി തിട്ടപ്പെടുത്തൽ എന്നിവ കർശനമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2. നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ശക്തമാക്കുന്നതിനുള്ള നിർദ്ദേശം അനുബന്ധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി) നിലവിലെ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; എത്ര വരുമാന വർദ്ധനവാണ് അതിലൂടെ ലക്ഷ്യമിടുന്നത് വിശദാംശം ലഭ്യമാക്കാമോ;</td><td>2014-2015 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളും ലക്ഷ്യമിടുന്ന വരുമാന വർദ്ധനവും താഴെ ചേർക്കുന്നു.
<table>
<tr><th>നികുതി നിർദ്ദേശം</th><th>ലക്ഷ്യമിടുന്ന വരുമാന വർദ്ധനവ് (തുക രൂപയിൽ)</th></tr>
<tr><td>1) പുതിയ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും ലക്ഷ്വറി ടാക്സികൾക്കും ഒറ്റത്തവണ നികുതി ഏർപ്പെടുത്തൽ.</td><td>80 കോടി</td></tr>
<tr><td>2) നിലവിലുള്ള മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും Lumpsum Tax ഏർപ്പെടുത്തൽ.</td><td>32 കോടി</td></tr>
<tr><td>3) ഓട്ടോറിക്ഷകൾക്ക്</td><td>25 കോടി</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| | ഏർപ്പെടുത്തിയിട്ടുള്ള Lumpsum Tax വർദ്ധിപ്പിക്കലും, എല്ലാ ഓട്ടോറിക്ഷകൾക്കും ഇത് ബാധകമാക്കലും. | |
| | 4) ആഡംബര ബൈക്കുകളുടെ നികുതി വർദ്ധിപ്പിക്കൽ | 4 കോടി |
| | 5) ക്യാരവാൻ / ക്യാമ്പർ വാനുകൾക്ക് പുതിയ നികുതി ഘടന | 10 ലക്ഷം |
| | 6) ജനറേറ്റർ വാനുകൾക്ക് പുതുക്കിയ നികുതി ഏർപ്പെടുത്തൽ | 25 ലക്ഷം |
| | 7) ആഡംബര കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് പുതുക്കിയ നികുതി | 1 കോടി |
| | 8) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി പരിഷ്കരിക്കൽ | 2 കോടി |
| | 9) നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്ക് അഡീഷണൽ ടാക്സിനോടൊപ്പം 12% പലിശ ഈടാക്കൽ | 1 കോടി |
| | 10) ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 10% ഉയർത്തുന്നത്. | 400 കോടി |
| | 11) 1 കോടി രൂപയ്ക്ക് മേൽ വിറ്റു വരവുള്ള വസ്ത്ര വ്യാപാര സ്ഥാപനങ്ങളുടെ വിറ്റുവരവിൽ 2% ടേൺ ഓവർ ടാക്സ് ചുമത്തുന്നത്. | 100 കോടി |
| | 12) പേപ്പർ ലോട്ടറികളുടെ നികുതി വർദ്ധിപ്പിക്കുന്നത് | 100 കോടി |
| | 13) വെളിച്ചെണ്ണ ഒഴികെയുള്ള ഭക്ഷ്യ എണ്ണകളുടെ നികുതി വർദ്ധിപ്പിക്കുന്നത്. | 80 കോടി |
| | 14) യു.പി.എസുകളുടേയും ഇൻവെർട്ടറുകളുടേയും നികുതി ഏകീകരിക്കുന്നത്. | 6 കോടി |
| | 15) അലുമിനിയം കോമ്പോസിറ്റ് | 5 കോടി |

| | | |
|---|---|---|
| | പാനലിന്റെ നികുതി വർദ്ധിപ്പിക്കുന്നത്. | |
| | 16) മൾട്ടി നാഷണൽ റെസ്റ്റോറന്റുകളുടെ കോമ്പൗണ്ടിംഗ് നിരക്കിലെ ആനുകൂല്യം ഒഴിവാക്കുന്നത് | 10 കോടി |
| | 17) ദിവസ വാടകയ്ക്ക് നൽകുന്ന സർവ്വീസ് അപ്പാർട്ടുമെന്റുകൾക്ക് ആഡംബര നികുതി ഏർപ്പെടുത്തുന്നത് | കണക്കാക്കി-യിട്ടില്ല |
| | 18) മെറ്റൽ ക്രഷർ യൂണിറ്റുകളുടെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് പരിഷ്കരിക്കുന്നത് | 100 കോടി |
| | 19) Manufactured Sand – ന്റെ ഷെഡ്യൂൾഡ് നികുതി നിരക്ക് വർദ്ധിപ്പിക്കുന്നത്. | 40 കോടി |

**സെക്ഷൻ ഓഫീസർ.**